**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 1203** **20.01.2014 ലെ മറുപടിക്ക്.**

## സി -ആപ്റ്റിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സി -- ആപ്റ്റിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ എന്നു മുതലാണ് ഉത്തരവ് പ്രാബല്യത്തിൽ വരുന്നതെന്ന് വ്യക്തമാക്കുമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | : (എ) സി - ആപ്റ്റിലെ ജീവനക്കാർക്ക് 01.01.2013- മുതൽ മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ അനുമതി നൽകിക്കൊണ്ട് 03.09.2013 ലെ സ.ഉ. (എം.എസ്.) നമ്പർ:594/2013/ഉവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. (പകർപ്പ് അനുബന്ധം I) |
| (ബി) പുതിയ നിരക്കിൽ ജീവനക്കാർക്ക് ശമ്പളം നൽകി തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | : (ബി) ഇല്ല ; പുതിയ നിരക്കിൽ ജീവനക്കാർക്ക് ശമ്പളം നൽകി തുടങ്ങിയിട്ടില്ല. ശമ്പള പരിഷ്കരണത്തിലൂടെ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയ്ക്കുള്ള തുക കണ്ടെത്തുന്നതിനായുള്ള ശ്രമങ്ങൾ നടന്നു വരുന്നതിനാലാണ് ഇക്കാര്യത്തിൽ കാലതാമസം നേരിട്ടിരിക്കുന്നത്. |

(സി) ചില തസ്തികകളിലെ ശമ്പള നിരക്കിൽ അപാകതയുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം തസ്തികകളിലെ ശമ്പള നിരക്കുകളിൽ അപാകത വന്നിട്ടുണ്ടെന്നാണ് പരാതി ലഭിച്ചത് ;

: (സി) & (ഡി)

ഉണ്ട് ; വാൻ ഡ്രൈവർ കം ഓപ്പറേറ്റർ, ഡി.റ്റി.പി ഓപ്പറേറ്റർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഇൻസ്ട്രക്ടർ (പ്രിന്റിംഗ്), ജൂനിയർ അക്കൌണ്ടന്റ്, സൂപ്പർവൈസർ (ഇ.എം.), അക്കൌണ്ടന്റ്, ഹാർഡ് വെയർ എഞ്ചിനീയർ എന്നീ 8 തസ്തികകളിലെ ശമ്പള നിരക്കുകളിലാണ് അപാകത വന്നിട്ടുള്ളത്.

(ഇ) ഇത് സംബന്ധമായി എന്തെങ്കിലും കോടതി വിധി ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

: (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) അപാകത വന്നു എന്ന് പരാതിയുള്ള തസ്തികകൾ എന്ന് സൃഷ്ടിച്ചതാണെന്നും, അവയ്ക്ക് ഏതെല്ലാം ഗവേണിംഗ് ബോഡിയിലാണ് അംഗീകാരം നൽകിയതെന്നും ഗവേണിംഗ് ബോഡിയിലെ മിനിട്ട്സിന്റെ പകർപ്പ് സഹിതം വിശദമാക്കുമോ ;

: (എഫ്) ശമ്പള പരിഷ്കരണ ഉത്തരവിലെ ശമ്പള നിരക്കുകളിൽ അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്ന തസ്തികകളുടെ തസ്തികാസൃഷ്ടി സംബന്ധിച്ച വിവരങ്ങളും ബന്ധപ്പെട്ട ഗവേണിംഗ് ബോഡി മിനിട്ട്സിന്റെ പകർപ്പും അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

(ജി) സെന്ററിന് ഏതെങ്കിലും സർവ്വീസ് റൂൾ നിലവിലുണ്ടോ ; എങ്കിൽ അതിന്റെ ഏറ്റവും പുതിയ പതിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

: (ജി) സി ആപ്റ്റിന് സർവ്വീസ് റൂൾസ് നിലവിലുണ്ട്. (പകർപ്പ് അനുബന്ധം III ആയി ചേർത്തിരിക്കുന്നു.)

(എച്ച്) ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിച്ച് എന്ന് മുതൽ പുതുക്കിയ നിരക്കിൽ ശമ്പളം വിതരണം ചെയ്യാനാവുമെന്ന് വ്യക്തമാക്കുമോ ?

: (എച്ച്) ശമ്പള പരിഷ്കരണത്തിലൂടെ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയ്ക്കുള്ള തുക കണ്ടെത്തുന്നതനുസരിച്ച് പുതിയ നിരക്കിലുള്ള ശമ്പളം വിതരണം ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**